# INDIAN SCHOOL AL WADI AL KABIR

| CLASS: VII | DEPARTMENT: MALAYALAM | DATE: 18-04-2025 |
| --- | --- | --- |
| Worksheet no: 10 | Lesson: പൊതുവിജ്ഞാനം | Topic: OTQ |

**I. ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

ഏതൊരു രാഷ്ട്രത്തിന്റെയും വികസനത്തിന്റെ രഹസ്യം അവിടുത്തെ ജനങ്ങളുടെ ഉത്സാഹവും കർമശേഷിയുമാണ്. അത്തരമൊരു രാഷ്ട്രത്തിൽ കായികവിനോദങ്ങൾക്ക് മറ്റെന്തിനേക്കാളും പ്രാധാന്യം നൽകിയിരിക്കും. ആരോഗ്യപൂർണമായ ഒരു ജനതയെ വാർത്തെടുക്കുന്ന കാര്യത്തിൽ ഏഷ്യൻ രാജ്യങ്ങൾ ശ്രദ്ധ പുലർത്തി. അതിന്റെ തുടക്കമായിരുന്നു ആദ്യത്തെ 'ഏഷ്യൻ ഗെയിംസ് ' അഥവാ 'ഏഷ്യാഡ് '. ഏഷ്യയിലെ ജനങ്ങളെയെല്ലാം ഒരു കൊടിക്കീഴിൽ അണിനിരത്തുവാനും ഭാഷയുടെയും വേഷത്തിന്റെയും സംസ്കാരത്തിന്റെയും അതിർവരമ്പുകൾ മറികടന്ന് അവരെ ഒന്നിപ്പിക്കുന്ന ഒരു വേദിയൊരുക്കാനും ഏഷ്യൻ ഗെയിംസിനു കഴിഞ്ഞു. 'എന്നെന്നും മുന്നോട്ട് ' ഇതാണ് ഏഷ്യാഡിന്റെ മുദ്രാവാക്യം. നാലു വർഷം കൂടുമ്പോഴാണ് ഏഷ്യാഡ് നടക്കുക. ആദ്യ ഏഷ്യൻ ഗെയിംസിൽ പതിനൊന്ന് രാഷ്ട്രങ്ങളാണ് പങ്കെടുത്തതെങ്കിൽ പിന്നീട് 1982-ൽ ഡൽഹിയിൽ വച്ചു നടന്ന ഒൻപതാമത് മേളയിൽ 33 രാജ്യങ്ങൾ അണിനിരന്നു. 'അപ്പു' എന്ന ആനക്കുട്ടിയായിരുന്നു 1982-ലെ ഏഷ്യാഡിന്റെ ഔദ്യോഗിക ചിഹ്നം. ഏഷ്യാഡിലൂടെ നിരവധി താരങ്ങളെ ലോകകായികരംഗത്തിന് സംഭാവന ചെയ്യുവാൻ നമ്മുടെ കൊച്ചു കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. പി.ടി. ഉഷ, എം.ഡി. വത്സമ്മ, ഷൈനി വിൽസൻ തുടങ്ങിയവർ അക്കൂട്ടത്തിൽപ്പെടുന്നു. നമ്മുടെ രാജ്യത്തിന്റെ അഭിമാനം ഉയർത്തിപ്പിടിച്ച താരങ്ങളുടെ ഉയർച്ചക്കുള്ള വേദി കൂടിയായിരുന്നു കഴിഞ്ഞ ഏഷ്യാഡ് മേളകൾ.

**<u>ചോദ്യങ്ങൾ</u>**

a) ഏതൊരു രാഷ്ട്രത്തിന്റെയും വികസനത്തിന്റെ രഹസ്യം എന്താണ് ?

.............................................................................................................

.....................................................................................................................

.....................................................................................................................

b) ഏഷ്യാഡിന്റെ മുദ്രാവാക്യം എന്തായിരുന്നു ?

.....................................................................................................................

.....................................................................................................................

.....................................................................................................................

c) ആദ്യ ഏഷ്യൻ ഗെയിംസിൽ എത്ര രാഷ്ട്രങ്ങളാണ് പങ്കെടുത്തത് ?

.....................................................................................................................

.....................................................................................................................

.....................................................................................................................

d) 1982-ലെ ഏഷ്യാഡിന്റെ ഔദ്യോഗിക ചിഹ്നം എന്തായിരുന്നു ?

.....................................................................................................................

.....................................................................................................................

.....................................................................................................................

e) നമ്മുടെ കേരളം ലോകകായികരംഗത്തിന് സംഭാവന ചെയ്ത താരങ്ങൾ ആരൊക്കെയാണ് ?

.....................................................................................................................

.....................................................................................................................

.....................................................................................................................

****